## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1268 03.12.2015-ൽ മറുപടി നൽകേണ്ടത്

### ഇടുക്കിയിലെ സർക്കാർ ഭൂമി കയ്യേറ്റങ്ങൾ

| ചോദ്യം<br>ശ്രീ.എ.കെ.ബാലൻ | | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ഇടുക്കിയിലെ സർക്കാർ ഭൂമി കയ്യേറ്റങ്ങൾ സംബന്ധിച്ച് മുൻ അഡീഷണൽ ചീഫ് സെക്രട്ടറി നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ; | ഇടുക്കി ജില്ലയിലെ കറിഞ്ഞിമല സങ്കേതത്തിലെയും വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകളിലെയും സർക്കാർ ഭൂമികളിലെ അനധികൃത കൈയ്യേറ്റം സംബന്ധിച്ച് അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന ഡോ.നിവേദിത പി.ഹരൻ 23.10.2014-ൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഈ റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ; | (ബി)യും (സി)യും<br>പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും തുടർനടപടികൾ സംബന്ധിച്ച് 16.02.2015-ൽ സ.ഉ(കൈ) നം.69/15/റവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു അന്വേഷണം സംഘം ഇടുക്കി ജില്ലയിലെ വിവിധ റവന്യൂ ഓഫീസുകളിലെ റിക്കാർഡുകൾ പരിശോധിച്ചു വരുന്നതായി ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് നിയമ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | |
| (ഡി) | ഏതെങ്കിലും നടപടി കോടതി ഇടപെടലിനെ തുടർന്ന് നിർത്തിവയ്ക്കേണ്ടി വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബഹു.കോടതി ഇടപെടലിനെത്തുടർന്ന് പ്രസ്തുത റിപ്പോർട്ടുമായി ബന്ധപ്പെട്ട തുടർനടപടികൾക്ക് തടസ്സം ഉണ്ടായിട്ടില്ല. |

e.k.v.kunny
സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്